## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 617 28.10.2011 ൽ മറുപടിയ്ക്ക്**

**<u>രാജ്യ സുരക്ഷയ്ക്ക് ഭീഷണിയായിട്ടുള്ള സംഘടനകളുടെ നിരോധനം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| **ശ്രീ. ബി. ഡി. ദേവസ്സി:**<br>**ശ്രീ. കെ. കെ. ജയചന്ദ്രൻ:**<br>**ശ്രീ. സി. കൃഷ്ണൻ:** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) രാജ്യസുരക്ഷയ്ക്ക് ഭീഷണിയായിട്ടുള്ള ഏതെല്ലാം സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തനം നടത്തുന്നതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്ത് ചില തീവ്രവാദ സംഘടനകൾ പ്രവർത്തനം വ്യാപിപ്പിക്കാൻ സാദ്ധ്യതയുള്ളതായി കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |
| (ബി) ഇത്തരം സംഘടനകളുടെ പ്രവർത്തനം നിരോധിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) നേരത്തേ പ്രവർത്തനം ഉണ്ടായിരുന്ന 'സിമി' എന്ന സംഘടനയെ 2001 മുതൽ കേന്ദ്ര സർക്കാർ നിയമംമൂലം നിരോധിച്ചിട്ടുണ്ട്. നിരോധനം ഇപ്പോഴും തുടരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചതിന്റെ വെളിച്ചത്തിൽ ഏതെങ്കിലും തീവ്രവാദ സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തനം വ്യാപിപ്പിക്കുന്നുണ്ടോ എന്ന കാര്യം സംസ്ഥാന പോലീസ് സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നു. |
| (സി) ഇവയുടെ പ്രവർത്തനം ഏതെല്ലാം രംഗത്താണ് പൊതുവായി പ്രകടമായിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) നിരോധനംമൂലം സിമി എന്ന സംഘടന സംസ്ഥാനത്ത് ഇപ്പോൾ പ്രത്യക്ഷമായി പ്രവർത്തനങ്ങൾ ഒന്നും നടത്തുന്നില്ല എന്നാൽ ഇസ്ലാമിക് സ്റ്റുഡൻസ് അസോസിയേഷൻ (ISA), മൈനോറിറ്റി റൈറ്റ്സ് വാച്ച് (MRW) എന്നീ ചില സംഘടനകളുടെ പേരിൽ പരോക്ഷമായി പ്രവർത്തനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ